പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6088 07.11.2016 ലെ മറുപടിയ്ക്ക്

**അഗ്രോ പാർക്കുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൽദോ എബ്രഹാം | | ശ്രീ.വി.എസ്.സുനിൽ കമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന അഗ്രോ പാർക്കുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) (1) നാളികേര അഗ്രോപാർക്കുകൾ - തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ.<br>(2) നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ - പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകൾ.<br>(3) തേനും വാഴപ്പഴവും ആസ്പദമാക്കിയ അഗ്രോപാർക്ക് - തൃശ്ശൂർ ജില്ല.<br>(4) സ്പൈസസ് പാർക്കുകൾ - ഇടുക്കി, വയനാട് ജില്ലകളിൽ.<br>(5) റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ - കോട്ടയം, പത്തനംതിട്ട ജില്ലകളിൽ.<br>(6) ചക്കയ്ക്ക് വേണ്ടിയുള്ള അഗ്രോപാർക്ക് - തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച്.<br>(7) പച്ചക്കറി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോപാർക്ക് - ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ.<br>(8) ഇതിനു പുറമേ മാങ്ങ അധിഷ്ഠിതമായ അഗ്രോപാർക്ക് മുതലമടയിൽ. |
| (ബി) | പ്രസ്തുത പാർക്കുകൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) കർഷക കൂട്ടായ്മകൾ, സ്വകാര്യ സംരംഭകർ, സർക്കാർ ഏജൻസികൾ മുതലായവരുടെ ആഭിമുഖ്യത്തിൽ കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ അഗ്രോപാർക്കുകളിൽ ലഭ്യമാകും. 2 തരത്തിലുള്ള സേവനങ്ങളാണ് പ്രധാനമായും ഇവിടെ ലഭ്യമാകുക.<br>(a) സംരംഭകർക്ക് അവർ തെരഞ്ഞെടുത്ത വ്യവസായത്തെക്കുറിച്ച് പ്രായോഗിക പരിശീലനം നേടുന്നതിനുള്ള സൗകര്യം.<br>(b)കാർഷിക ഉല്പന്നങ്ങൾ അഗ്രോപാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള ചെറുകിട-ഇടത്തരം യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യം. |

| | |
|---|---|
| **(സി)** പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമായി ഒരു പൈനാപ്പിൾ അധിഷ്ഠിത അഗ്രോ പാർക്ക് മൂവാറ്റുപുഴ കേന്ദ്രമാക്കി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | **(സി)** കൃഷിവകുപ്പിന്റെ കീഴിൽ ഇത്തരമൊരു സ്ഥാപനം ഇപ്പോൾ തന്നെ ഇവിടെ പ്രവർത്തിച്ച് വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ